**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 759**

**28-02-2018 ലെ മറുപടി**

## കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയിലേയ്ക്ക് നീങ്ങുന്നുവെന്ന റിപ്പോർട്ടുകൾ കണക്കിലെടുത്ത് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻ ഒരുക്കങ്ങളാണ് ജലവിഭവ വകുപ്പ് ഇതുവരെ നടത്തിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ? | **ജലസേചന വകുപ്പ്**<br><br>നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സ്ഥാപിക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞു നിർത്തി സമീപപ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ളലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ തടയണകൾ, വിസിബി/ആർസിബികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ പ്ലാൻ സ്കീം, സ്റ്റേറ്റ് കാസർഗോഡ് പാക്കേജ്, കുളങ്ങളുടെ നവീകരണം തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. ഉപ്പുവെള്ള ഭീഷണിയിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി ഓരുമുട്ടുകൾ നിർമ്മിച്ചും കാർഷികാവശ്യം, കുടിവെള്ള ലഭ്യത എന്നിവയ്ക്കാവശ്യമായ ജലം ലഭ്യമാക്കുന്നുണ്ട്. പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.കൾ/ആർ.സി.ബി.കൾ ഇവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചു വരുന്നു.<br>2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം റെഗുലേറ്ററുകളും തടയണകളും വഴി നദികളെത്തന്നെ ജല സംഭരണികളാക്കി മാറ്റുന്ന ഒരു സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ജലക്ഷാമവും കുടിവെള്ളക്ഷാമവും പരിഹരിക്കാനും ഉതകുന്ന തരത്തിൽ വിവിധ നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ റെഗുലേറ്ററുകൾ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശികതലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിതകേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇപ്രകാരം വിവിധ ജില്ലകളിലായി 536 |

കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>കേരള ജല അതോറിറ്റി</u>**

കേരളത്തിലെ ജലക്ഷാമത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയ്ക്ക് നദികളെ തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിൽ എല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കാനാണ് അതോറിറ്റി തീരുമാനിച്ചിട്ടുള്ളത്.

മുൻ കരുതൽ നടപടികൾ എന്ന നിലയിൽ താഴെ പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടെക്ക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ച് വരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ളസ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസുകളും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപണികൾ സമയബന്ധിതമായി നടപ്പിലാക്കുകയും വാൽവുകൾ നിയന്ത്രിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും തന്നെയുമല്ല സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായി പോകുന്നത് തടയുവാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനു സ്ക്വാഡ് പ്രവർത്തനവും ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.

ഹരിത കേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്തു മുടക്കം കൂടാതെ ജലവിതരണം സാധ്യമാക്കുന്നതുമാണ്. വരൾച്ചയെ പ്രതിരോധി-ക്കുന്നതിന്റെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലവിതരണ ശൃംഖല നീട്ടുന്നതിലേയ്ക്കായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും പ്രാധാന്യം നൽകി അവ പൂർത്തീകരിക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന ടാങ്കർലോറിയിലുള്ള ജലവിതരണത്തിന് ഫില്ലിംഗ് സ്റ്റേഷനുകളിൽ നിന്നും ജലം ലഭ്യമാക്കാറുണ്ട്.

**ഭൂജലവകുപ്പ്**

2017-18 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 16 ചെറുകിട കുടിവെള്ള പദ്ധതികൾക്കും, 22 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 5 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 432 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷം e-LAMS വഴി അനുവദിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപണികളും, 347 കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി നവീകരണം ആവശ്യമായ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെയും കുഴൽക്കിണർ കൈപമ്പ് പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 600 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപണികൾ, 30 ചെറുകിട കുടിവെള്ള പദ്ധതികൾ, 50 കുഴൽക്കിണർ നിർമ്മാണം, 30 കുഴൽക്കിണർ കൈപമ്പ് പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

**ജലനിധി**

ജലനിധി പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സ്രോതസ്സുകളുടെ ജലലഭ്യത നിരക്ക് ഉറപ്പുവരുത്തി സുസ്ഥിരത ഉറപ്പ് വരുത്താൻ പമ്പിംഗ് റെഗുലേഷനും നടത്തി വരുന്നു. ആവശ്യമായ വെള്ളം ലഭിക്കാത്ത സ്രോതസ്സുകൾക്ക് പകരം ഗുണഭോക്താക്കൾക്ക് പുതിയ സ്രോതസ്സുകളും നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**